സ്റ്റാഫ് ലേഖകൻ

# വഴിതെറ്റിക്കുന്ന കൗമാര വിദ്യാഭ്യാസ പദ്ധതി

**സി.ബി.എസ്.ഇ** അംഗീകാരമുള്ള സ്കൂളുകളിലും സംസ്ഥാനത്തെ സർക്കാർ, സർക്കാറംഗീകൃത സ്കൂളുകളിലും 'കൗമാര വിദ്യാഭ്യാസ പദ്ധതി' എന്ന പേരിൽ ലൈംഗികവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. കേരളത്തിൽ ഏതാനും ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് ഇതിന്റെ ഭാഗമായി പരിശീലനം ആരംഭിക്കുകയും പുസ്തകങ്ങൾ നൽകുകയുമുണ്ടായി. ഈ പദ്ധതിയുടെ അപകടകരമായ ഉള്ളടക്കം മനസ്സിലാക്കിയ വലിയൊരു വിഭാഗം അധ്യാപകർതന്നെ ഇതിനെതിരെ രംഗത്തുവന്നു. പദ്ധതി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് പത്രങ്ങളിലൂടെ പുറത്തായതിനെത്തുടർന്ന് നാലുപാടുനിന്നും രൂക്ഷമായ വിമർശനമുയരുകകൂടി ചെയ്തപ്പോൾ ഗവൺമെന്റിനു പിറകോട്ട് പോകേണ്ടിവന്നിരിക്കുകയാണ്. പദ്ധതി തൽക്കാലം നടപ്പിലാക്കേണ്ടെന്ന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. പക്ഷേ, പൂർണമായും പിൻവലിച്ചിട്ടില്ല. പുനഃപരിശോധനക്കു ശേഷം മാറ്റങ്ങൾ വരുത്തി കേരളത്തിലെ സ്കൂളുകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സി.ബി.എസ്.ഇയാകട്ടെ പദ്ധതിയുമായി മുന്നോട്ടുപോവുകയാണ്. യൂനിസെഫ്, ലോകാരോഗ്യ സംഘടന, കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം, ദേശീയ എയിഡ്സ് നിയന്ത്രണ സംഘടന തുടങ്ങിയവയുടെ സംയുക്താഭിമുഖ്യത്തിലുള്ളതാണ് പദ്ധതി. യൂനിസെഫിൽനിന്ന് ധാരാളം ഫണ്ട് ലഭിക്കുമെന്നതാണ് സർക്കാറുകളെ ഇതിലേക്കാകർഷിക്കുന്ന പ്രധാന ഘടകം.

പുതിയ തലമുറയെ ലൈംഗികാരാജകത്വത്തിലേക്ക് നയിക്കാൻ വഴിവെക്കും വിധത്തിലുള്ളതാണ് വിവാദവിധേയമായ ഈ പദ്ധതി. പ്രത്യുൽപാദനാവയവയങ്ങളും പ്രത്യുൽപാദന പ്രക്രിയയും മുതൽ ലൈംഗിക വൈകൃതങ്ങൾ വരെ കൗമാരക്കാരെ വിശദമായി പഠിപ്പിക്കാനാണ് പദ്ധതി നിർദേശിക്കുന്നത്. സ്വവർഗ ലൈംഗികത സ്വാഭാവിക സംഗതിയാണെന്നു പോലും വളർന്നുവരുന്ന കുട്ടികളെ പഠിപ്പിക്കണം. ഉറയുണ്ടെങ്കിൽ എന്തുമാവാമെന്നായിരിക്കും അവർക്ക് മൊത്തത്തിൽ ലഭിക്കുന്ന സന്ദേശം. അധ്യാപകരും അധ്യാപികമാരും വിദ്യാർഥികളും അച്ഛനും മകനും അമ്മയും മകളുമായി അഭിനയിച്ച് ലൈംഗിക വിഷയങ്ങൾ തുറന്ന് ചർച്ച ചെയ്യുന്നതുപോലുള്ള പഠനപ്രവർത്തനങ്ങളാണ് നിർദേശിച്ചിട്ടുള്ളത്. പരിശീലനത്തിനു പോയ അധ്യാപകർക്ക് കിട്ടിയ പുസ്തകരൂപത്തിലുള്ള അധ്യാപന സഹായി ഏതു വൃത്തികെട്ട അശ്ലീല പ്രസിദ്ധീകരണത്തെയും കവച്ചുവെക്കുന്നതാണെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ലൈംഗികതയെക്കുറിച്ച കുട്ടികളുടെ ധാരണകൾ പരിശോധിക്കാനുള്ള ചോദ്യാവലി സാധാരണഗതിയിൽ ഭാര്യാഭർത്താക്കന്മാർ പോലും പരസ്പരം പറയാൻ മടിക്കുന്ന ആഭാസങ്ങളടങ്ങിയതാണ്.

എയിഡ്സ് വ്യാപിക്കുന്നത് തടയാനുള്ള മാർഗം എന്ന വ്യാജേനയാണ് എയിഡ്സ് പടർന്നു പിടിക്കാൻ സഹായകമായ ഈ പദ്ധതി കൊണ്ടുവന്നിരിക്കുന്നത്. സദാചാരത്തിനും പാതിവ്രത്യത്തിനും പ്രാധാന്യം കൽപിക്കാത്ത സമൂഹങ്ങളെ മുന്നിൽ കണ്ട് തയാറാക്കിയ ലൈംഗിക വിദ്യാഭ്യാസ പദ്ധതിയാണ് ഇവിടെ അതേപടി നടപ്പിലാക്കുന്നത്. നമ്മുടെ നാടിന്റെ സാമൂഹിക, സാംസ്കാരികാന്തരീക്ഷം കണക്കിലെടുക്കാതെ അത് ഇവിടെ അടിച്ചേൽപിച്ചാലുള്ള പ്രത്യാഘാതം എത്ര ഗുരുതരമായിരിക്കുമെന്ന് മനസ്സിലാക്കാവുന്നതാണ്. സാഹസിക സ്വഭാവക്കാരായ കൗമാരപ്രായക്കാരെ തെറ്റുകളിലേക്ക് നയിക്കാനാണ് ഇത് സഹായിക്കുക എന്ന് ന്യായമായും ആശങ്കിക്കണം. പഠിക്കുന്നത് പരീക്ഷിച്ചുനോക്കാൻ വ്യഗ്രത കാട്ടാറുള്ള ഈ പ്രായക്കാരുടെ അപക്വ മനസ്സുകളിലേക്ക് സദാചാരത്തിന് പരിഗണന നൽകാത്ത ഉദാര ലൈംഗികതയുടെ പാഠങ്ങൾ പകർന്നു കൊടുത്താൽ അവരുടെ ജീവിതത്തിലും സമൂഹത്തിലുമുണ്ടാകുന്ന അനർഥങ്ങൾ എത്ര ഭീകരമായിരിക്കും! ഇതൊന്നും മനസ്സിലാക്കാൻ കഴിയാത്തവരല്ല സി.ബി.എസ്.ഇയിലെയും കേന്ദ്ര, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ-പരിശീലന സമിതികളിലെയും ഉത്തരവാദപ്പെട്ടവർ. യഥാർഥത്തിൽ ഇത് ഇവരുടെ തലയിലുദിച്ച ആശയമല്ല. യൂനിസെഫ് വിവിധ രാജ്യങ്ങളിൽ കോടിക്കണക്കിന് ഡോളർ ചെലവിട്ട് നടത്തിവരുന്ന പദ്ധതിയാണിത്. വിദേശ ഫണ്ട് കിട്ടുമെങ്കിൽ മറ്റെല്ലാം അവഗണിച്ച് ചാടിവീഴുന്നതാണ് പ്രശ്നം.

പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് സദാചാരത്തിലും ധാർമികതയിലും ഏറെ മുന്നിലാണ് പൗരസ്ത്യ രാജ്യങ്ങൾ. സദാചാരത്തിന്റെ ബലത്തിലാണ് കുടുംബഘടന ഭദ്രമായി നിലനിന്നുപോരുന്നത്. നമ്മുടെ സദാചാരബോധവും കുടുംബ വ്യവസ്ഥയും തകർക്കലാണോ മുഖ്യ ലക്ഷ്യമെന്ന് സംശയമുണർത്തുംവിധമാണ് പല അന്താരാഷ്ട്ര സംഘടനകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ. സദാചാരരാഹിത്യമാണ് എയിഡ്സ് വ്യാപനത്തിന്റെ മുഖ്യ കാരണം. പക്ഷേ, അവശേഷിച്ച സദാചാരത്തെക്കൂടി തകർക്കുന്ന തരത്തിലുള്ളവയാണ് എയിഡ്സ് വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ. അതുകൊണ്ടുതന്നെ എയിഡ്സ് വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിയാർജിക്കും തോറും ഈ മാരക രോഗവും കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കൗമാര വിദ്യാഭ്യാസ പദ്ധതിയും ഇപ്രകാരം വിപരീത ഫലമുളവാക്കാൻ പോന്നതാണ്. ആഗോളരംഗത്ത് ശക്തിയാർജിച്ചുകൊണ്ടിരിക്കുന്ന ലൈംഗികവാണിഭത്തിന് പുതിയ കമ്പോളങ്ങൾ തുറക്കാനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമാണ് ഇത്തരം തലതിരിഞ്ഞ പദ്ധതികൾ എന്ന് ആരോപണമുണ്ട്. വസ്തുതകൾ പരിശോധിക്കുമ്പോൾ ഈ ആശങ്കയും ആരോപണവും അസ്ഥാനത്തല്ലെന്ന് ബോധ്യമാകും.

ആഗോളീകരണ കാലത്ത് അന്താരാഷ്ട്ര മൂലധന വികസനത്തിൽ ലൈംഗികവാണിഭം സുപ്രധാന സ്ഥാനം നേടിക്കൊണ്ടിരിക്കുകയാണ്. നിയമവിധേയമോ വിരുദ്ധമോ ആയ ലൈംഗിക വാണിഭ മേഖലയിൽ ബില്യൻ കണക്കിന് ഡോളറിന്റെ ഇടപാടാണ് നടക്കുന്നത്. ഒരു സ്വാഭാവിക സമ്പദ്മേഖലയായി വേശ്യാവൃത്തിയെ മാറ്റാനുള്ള ശ്രമം നടന്നുവരികയാണ്. വിവിധ രാജ്യങ്ങളിൽ വർധിച്ചുവരുന്ന സൈനിക അംഗസംഖ്യയും ടൂറിസവും ശരീരവാണിഭത്തിന് ആക്കം കൂട്ടുന്നു. ബാർ, മസാജ് സെന്റർ, ഡാൻസിംഗ് ക്ലബ് തുടങ്ങിയ അനുബന്ധ വ്യവസായങ്ങളും ഇതോടൊപ്പം വളരുന്നുണ്ട്. ഹോട്ടൽ, വ്യോമയാന, ടൂറിസം കമ്പനികളും ലൈംഗിക വാണിഭത്തിലൂടെയും ലൈംഗിക ടൂറിസത്തിലൂടെയും നേട്ടമുണ്ടാക്കുന്നു.

ആഗോളീകരണ-ഉദാരീകരണ നയങ്ങളുടെ ഫലമായി ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് ഭീകരമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. ജീവിത മാർഗങ്ങളിൽനിന്ന് പുറന്തള്ളപ്പെടുന്നവരെ ശരീരച്ചന്തയിലെ ചരക്കുകളാക്കി മാറ്റാനാണ് ആഗോള മുതലാളിത്തം ശ്രമിക്കുന്നത്. അന്താരാഷ്ട്ര നാണയ നിധിയുടെയും ലോകബാങ്കിന്റെയും മറ്റും കടക്കെണിയിൽപെട്ടു വലഞ്ഞ ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളോട് ലൈംഗികത അവിഭാജ്യ ഘടകമായ ടൂറിസവും വിനോദ വ്യവസായവും

വികസിപ്പിക്കാനാണ് അവയുടെ ആസ്ഥാന സാമ്പത്തിക വിദഗ്ധർ ഉപദേശിക്കുന്നത്. ഈ ചതിയിൽപെട്ട് ചില രാജ്യങ്ങൾ ലൈംഗിക ടൂറിസം വികസനത്തിലേക്കുള്ള കുറുക്കുവഴിയായി സ്വീകരിച്ചതിലൂടെ കരകയറാനാവാത്ത ദുരന്തത്തിൽ പതിച്ചിട്ടുമുണ്ട്. തായ്‌ലന്റാണ് ഇക്കൂട്ടത്തിൽ മുന്നിൽ നിൽക്കുന്നത്. തായ്‌ലന്റിൽ ബജറ്റിന്റെ 60 ശതമാനത്തിനു തുല്യമായ വാർഷിക വരുമാനം ലൈംഗിക വാണിഭത്തിൽനിന്നാണ് ലഭിക്കുന്നത്. വിയറ്റ്നാം യുദ്ധകാലത്ത് അമേരിക്കൻ പട്ടാളക്കാർക്ക് വിശ്രമതാവളം തുറന്നതുമുതലാണ് തായ്‌ലന്റിൽ സെക്സ് ടൂറിസം ആരംഭിച്ചത്. പാശ്ചാത്യ ധനകാര്യ സ്ഥാപനങ്ങൾ ഇതിന് പ്രോത്സാഹനം നൽകുകയും ഈ രംഗത്തേക്ക് വിദേശ മൂലധനം ഒഴുകുകയും ചെയ്തു. ഏഷ്യൻ സാമ്പത്തിക പ്രതിസന്ധിയെ ഈ രാജ്യം മറികടന്നത് ലൈംഗിക വാണിഭത്തിലൂടെയായിരുന്നു. 2003-ൽ 26.2 ബില്യൻ ഡോളറിന്റെ വാർഷിക വരുമാനമാണ് പൗരന്മാരിൽ ഒരു വിഭാഗത്തിന്റെ ശരീരം വിറ്റ് തായ്‌ലന്റ് നേടിയത്. ഇതിന്റെയെല്ലാം ഫലമായി അവിടെ എയിഡ്സും ലൈംഗിക രോഗങ്ങളും പടർന്നുപിടിക്കുകയാണ്. ഇതിനു സമാന്തരമായി മയക്കുമരുന്നുകൾക്കടിപ്പെടുന്നവരുടെ എണ്ണവും വർധിച്ചു.

എല്ലാം വിൽപനച്ചരക്കായ ആഗോളീകരണ-ഉദാരീകരണ കാഴ്ചപ്പാടിൽ മനുഷ്യശരീരവും വ്യത്യസ്തമല്ല. ഇതനുസരിച്ച് വലിയ വിപണനസാധ്യതയുള്ള ചരക്കാണ് സ്ത്രീശരീരം. ആഗോള മൂലധന ശക്തികളാണ് ഈ രംഗത്തും ലാഭം കൊയ്യുന്നത്. ദരിദ്ര രാജ്യങ്ങളിലെ സ്ത്രീകളും കുട്ടികളുമാണ് ഇതിന്റെ പ്രധാന ഇരകൾ. ആഗോളീകരണ നയങ്ങളുടെ ഫലമായുണ്ടായ തൊഴിലില്ലായ്മ, കൂലിത്തകർച്ച, അസന്തുലിത വികസനം എന്നിവ മൂലം ജീവിതം വഴിമുട്ടുന്നവരെ ലൈംഗിക വാണിഭത്തിലേക്ക് വഴിതിരിച്ചുവിടുകയാണ്. ജീവിതമാർഗങ്ങൾ അടഞ്ഞുപോകുന്ന ദരിദ്രർ വയറ്റുപ്പിഴപ്പിന് ഈ അധാർമികവൃത്തി സ്വീകരിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. ആദിവാസികൾ, ഗോത്രവർഗക്കാർ, ചേരികളിൽ കഴിയുന്നവർ തുടങ്ങിയ പ്രാന്തവത്കൃത വിഭാഗങ്ങളാണ് ലൈംഗിക വാണിഭത്തിന് ഏറ്റവും കൂടുതൽ ഇരകളാകുന്നതെന്നാണ് തായ്‌ലന്റിലെയും തായ്‌വാനിലെയും ബർമയിലെയും അനുഭവങ്ങൾ തെളിയിക്കുന്നത്.

ലൈംഗിക വാണിഭത്തെ പോഷിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വ്യഭിചാരത്തെ സ്വാഭാവിക ജീവിതശൈലിയായി ചിത്രീകരിക്കാനും സദാചാരത്തെ തകർക്കാനുമുള്ള ആസൂത്രിത നീക്കങ്ങൾ വർഷങ്ങളായി നടന്നുവരുന്നുണ്ട്. മുതലാളിത്ത ശക്തികൾക്ക് ഗണ്യമായ സ്വാധീനമുള്ള അന്താരാഷ്ട്ര സംഘടനകളും ഏജൻസികളുമാണ് ഇതിന്റെ മുൻപന്തിയിലെന്നത് ശ്രദ്ധേയമാണ്. 1998-ൽ അന്താരാഷ്ട്ര തൊഴിൽ സംഘടന വേശ്യാവൃത്തിയെ ഒരു തൊഴിൽ ആയി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു. വേശ്യാവൃത്തിയെ ഒരു അന്താരാഷ്ട്ര സംഘടന 'ലൈംഗിക തൊഴിൽ' ആയി ചിത്രീകരിച്ച ആദ്യത്തെ അനുഭവമായിരുന്നു ഇത്.

വേശ്യാവൃത്തിയെയും വ്യഭിചാരത്തെയും സ്വവർഗ ലൈംഗികതയെയും മഹത്വവത്കരിക്കുന്ന സിദ്ധാന്തങ്ങളും പ്രചരിക്കുന്നുണ്ട്. കേരളത്തിലും ഇത്തരം ആശയങ്ങൾ പ്രചരിപ്പിക്കാൻ ചിലർ രംഗത്തിറങ്ങിയിട്ടുണ്ട്. കലാസാഹിത്യങ്ങൾ പോലെ വിൽക്കുകയും വാങ്ങുകയും ചെയ്യാവുന്ന ആത്മാവിഷ്കാരമാണ് ലൈംഗികത, ബഹുലൈംഗികത സ്ത്രീകളുടെയും പുരുഷന്മാരുടെയും അവകാശമാണ്, വിവാഹത്തിൽ സ്ത്രീലൈംഗികതക്ക് സ്വാതന്ത്ര്യമില്ല; എന്നാൽ വേശ്യക്ക് തനിക്ക് ഇഷ്ടപ്പെട്ട പങ്കാളികളെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുള്ളതിനാൽ വേശ്യാവൃത്തി സ്ത്രീവിമോചനോപാധിയാണ്, പുരുഷാധിപത്യസമൂഹത്തെ തകർക്കാനുള്ള ഏറ്റവും നല്ല ആയുധമാണ് സ്ത്രീകളുടെ സ്വവർഗ ലൈംഗികത തുടങ്ങിയ തലതിരിഞ്ഞ ചിന്തകൾ ലേഖനങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. സദാചാരബോധത്തെയും കുടുംബവ്യവസ്ഥയെയും തകർത്ത് കേരളത്തെയും ഒരു ലൈംഗിക കമ്പോളമാക്കി മാറ്റാനുള്ള ആസൂത്രിത ശ്രമത്തിന്റെ ഭാഗമായേ ഇതിനെ കാണാൻ കഴിയൂ.

കുട്ടികളിൽ ഉദാര ലൈംഗികതയുടെ വിത്തിടുന്ന കൗമാര വിദ്യാഭ്യാസ പദ്ധതിയും ഇതിനു സമാന്തരമായാണ് വരുന്നത്. തായ്‌ലന്റിൽ സെക്സ് ടൂറിസം വികസിപ്പിക്കാൻ നടപ്പാക്കിയ പദ്ധതിയാണിത് എന്നതിൽനിന്നുതന്നെ ഇതിന്റെ ആത്യന്തിക ലക്ഷ്യമെന്താണെന്ന് വ്യക്തമാണ്. എയിഡ്സ് വ്യാപിക്കുന്നത് തടയാൻ എന്ന പേരിൽ യൂനിസെഫ് തന്നെയാണ് അവിടെയും ഇത് നടപ്പാക്കിയത്. എച്ച്.ഐ.വി ബാധ തടയാനുള്ള പ്രായോഗിക പരിശീലനം നേടിയ കൂടുതൽ പേരെ ഇതിലൂടെ ലൈംഗിക വിപണിയിലിറക്കി കൂടുതൽ വിദേശികളെ ആകർഷിച്ച് വിദേശ നാണ്യം നേടുക എന്ന ലക്ഷ്യം കൂടി തായ്‌ലന്റിന് ഉണ്ടായിരുന്നു. വിദ്യാർഥികൾക്കു മുമ്പിൽ സുരക്ഷിത ലൈംഗികതയുടെ പാഠങ്ങൾ അഭിനയിച്ചു കാണിക്കാൻ വേശ്യകളെത്തന്നെയാണ് അവിടെ രംഗത്തിറക്കിയത്. ഇവിടെ ആ ചുമതല കൂടി അധ്യാപകർക്കാണ്.

പടിഞ്ഞാറുനിന്ന് വരുന്നതെന്തും വിവേചനം കൂടാതെ വാരിപ്പുണരാനുള്ള ചിലരുടെ വ്യഗ്രത കൂടി ഇത്തരം അപകടകരമായ പദ്ധതികൾ നമ്മുടെ നാട്ടിലും അടിച്ചേൽപിക്കപ്പെടുന്നതിനു കാരണമാണ്. അമേരിക്കയിലും ബ്രിട്ടനിലും വളരെ മുമ്പേ സ്കൂളുകളിൽ നടപ്പാക്കിയ ലൈംഗിക വിദ്യാഭ്യാസ പദ്ധതി തികഞ്ഞ പരാജയമാണെന്നത് ഇതിനിടയിൽ കാണാതെ പോവുകയോ മറച്ചുവെക്കുകയോ ചെയ്യുന്നു. വിദ്യാർഥികളെ സദാചാരമൂല്യങ്ങൾ പഠിപ്പിക്കാൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് സിൽവർ റിംഗ് തിങ് എന്ന ഗ്രൂപ്പിന് ഏഴു ലക്ഷം ഡോളർ നൽകുകയുണ്ടായി. പാതിവ്രത്യം കാത്തുസൂക്ഷിക്കാനുള്ള പരിശീലനത്തിന് 2004-ലെ അമേരിക്കൻ ബജറ്റിൽ 270 മില്യൻ ഡോളർ വകയിരുത്തിയതും ശ്രദ്ധേയമാണ്. ഇവാഞ്ചലിസ്റ്റ് ബന്ധമാണ് ബുഷിന്റെ ഇത്തരം താൽപര്യങ്ങൾക്കു പിന്നിലെങ്കിലും അമേരിക്കൻ സമൂഹം എത്തിപ്പെട്ട അവസ്ഥ കൂടി ഇതിലൂടെ തെളിയുന്നുണ്ട്.

ലൈംഗിക വിദ്യാഭ്യാസമെന്ന ആശയം തന്നെ വർജ്യമാവേണ്ടതില്ല. പ്രായപൂർത്തിയാകുന്നതോടുകൂടി ലൈംഗികതയെ കുറിച്ച ശാസ്ത്രീയമായ വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്. അറിവില്ലായ്മയുടെ പേരിൽ ആരും ലൈംഗിക ചൂഷണങ്ങൾക്കിരയാവുകയോ വഴിതെറ്റിപ്പോവുകയോ ചെയ്തുകൂടാ. പക്ഷേ, ലൈംഗിക വിദ്യാഭ്യാസം സദാചാരത്തിൽ ഊന്നിക്കൊണ്ടുള്ളതായിരിക്കണം. നമ്മുടെ നാടിന്റെ സംസ്കാരത്തിനും സാമൂഹികാന്തരീക്ഷത്തിനും ഇണങ്ങുംവിധമായിരിക്കണം അത് പഠിപ്പിക്കേണ്ടത്.

മനുഷ്യനെ മൃഗത്തിൽനിന്ന് വേർതിരിക്കുന്നത് സദാചാരവും ധാർമികതയുമാണ്. മാനവതയുടെ നിലനിൽപിന്റെ അടിസ്ഥാനം കൂടിയാണിത്. ഭൗതികമായി ഏറെ മുന്നേറിയ എത്രയോ നാഗരികതകൾ ധാർമികാധഃപതനം മൂലം തകർന്നുപോയ ചരിത്രം മറന്നുകൂടാ. പടിഞ്ഞാറിന്റെ മാലിന്യങ്ങൾ പേറുകയല്ല, അവർക്ക് വെളിച്ചം കാണിക്കുകയാണ് പൗരസ്ത്യ സമൂഹങ്ങൾ ചെയ്യേണ്ടത്. സമൂഹത്തിൽ അവശേഷിക്കുന്ന നന്മകൾ കൂടി തുടച്ചുനീക്കാനുള്ള നീക്കങ്ങൾക്കെതിരെ ധാർമികതയിലും സദാചാര മൂല്യങ്ങളിലും വിശ്വാസമുള്ള എല്ലാവരും ജാതിമതഭേദമന്യേ ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ടതുണ്ട്. ■